REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 23-12-2024 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- ഒന്നര വർഷത്തിനിടെ രാജ്യത്തെ പത്ത് ലക്ഷത്തോളം യുവാക്കൾക്ക് ഗവൺമെന്റ് ജോലികൾ നൽകിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- റോസ്ഗാർ മേള സ്വപ്ന സാക്ഷാത്കാരത്തിന്റെ പ്രതീകമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.
- ഇന്ന് ദേശീയ കർഷക ദിനം.
- തങ്കഅങ്കി രഥഘോഷയാത്രക്ക് പത്തനംതിട്ടയിൽ ഭക്തി നിർഭരമായ സ്വീകരണം നൽകി.
- വനം നിയമഭേദഗതിയിൽ കർഷക വിരുദ്ധമായി ഒന്നുമില്ലെന്ന് മന്ത്രി A.K ശശീന്ദ്രൻ.

## വാർത്തകൾ വിശദമായി

ഒന്നര വർഷത്തിനിടെ രാജ്യത്തെ യുവാക്കൾക്ക് പത്ത് ലക്ഷത്തോളം ഗവൺമെന്റ് ജോലികൾ നൽകിയെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. കേന്ദ്ര മന്ത്രാലയങ്ങളിലും വകുപ്പുകളിലും 71,000-ത്തിലേറെ പേർക്ക് റോസ്ഗാർ മേളയിൽ വിഡിയോ കോൺഫറൻസിലൂടെ നിയമന ഉത്തരവുകൾ കൈമാറുകയായിരുന്നു പ്രധാനമന്ത്രി.

റോസ്ഗാർ മേള യുവാക്കളെ ശാക്തീകരിക്കുകയും അവരുടെ കഴിവുകൾ പ്രകടിപ്പിക്കുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. കേന്ദ്രഗവൺമെന്റിന്റെ നയങ്ങളും തീരുമാനങ്ങളും രാജ്യത്ത് കൂടുതൽ സ്വയംതൊഴിലും പുത്തൻ അവസരങ്ങളും സൃഷ്ടിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

**PM-റോസ്ഗാർ മേളയുടെ പതിനാലാം പതിപ്പാണിത്. രാജ്യത്ത് 45 കേന്ദ്രങ്ങളിലാണ് റോസ്ഗാർ മേള സംഘടിപ്പിച്ചത്.**

**2022 ഒക്ടോബറിൽ ആരംഭിച്ച റോസ്ഗാർ മേളകൾ 50 നഗരങ്ങളിൽ ഇതിനകം നടത്തിക്കഴിഞ്ഞു. ഗവൺമെന്റ് മേഖലയിലെ ഒഴിവുകൾ നികത്തുകയാണ് റോസ്ഗാർ മേളകളുടെ ലക്ഷ്യം. ആഭ്യന്തര വകുപ്പ്, തപാൽ, ഉന്നത വിദ്യാഭ്യാസം, ആരോഗ്യ-കുടുംബക്ഷേമം, സാമ്പത്തിക സേവനം തുടങ്ങിയ മേഖലകളിലാണ് നിയമനം നടത്തുന്നത്.**

**✪✪✪**

**റോസ്ഗാർ മേള സ്വപ്ന സാക്ഷാത്കാരത്തിന്റെ പ്രതീകമാണെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. തിരുവനന്തപുരം പള്ളിപ്പുറത്ത് റോസ്ഗാർ മേള ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.**

**'എല്ലാവർക്കുമൊപ്പം, എല്ലാവരുടെയും വികസനം, എല്ലാവരുടെയും പ്രയത്നം' എന്ന തത്വത്തിന്റെ പ്രതിഫലനമാണ് ഈ ദിവസമെന്നും മികച്ച ഇന്ത്യയുടെ ആഹ്വാനവും പ്രതീക്ഷയുടെ നാളവുമാണ് മേളയെന്നും അദ്ദേഹം പറഞ്ഞു.**

**നമ്മുടെ രാജ്യത്തിന്റെ ഹൃദയവും ആത്മാവും യുവത്വമാണെന്നും, യുവാക്കളെ ശാക്തീകരിക്കുക എന്ന ലക്ഷ്യമാണ് റോസ്ഗാർ മേളയ്ക്കെന്നും സുരേഷ് ഗോപി പറഞ്ഞു.**

**✪✪✪**

**ഇന്ത്യ-കുവൈറ്റ് ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്ന തന്ത്രപ്രധാനമായ നാല് മേഖലകളിൽ പങ്കാളിത്തം ഉറപ്പിക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദിയും കുവൈറ്റ് അമീർ ഷെയ്ഖ് മിഷാൽ അൽ അഹമ്മദ് അൽ ജാബർ അൽ സബാഹും നടത്തിയ കൂടിക്കാഴ്ചയിൽ ധാരണയായി. പ്രതിരോധം, കായികം, സംസ്കാരം, സൗരോർജം എന്നീ മേഖലകളിൽ സഹകരണം ഉറപ്പുവരുത്തുന്ന ധാരണാ പത്രത്തിൽ ഇരുവരും ഒപ്പുവെച്ചു.**

**എല്ലാ ഭീകരവാദ പ്രവർത്തനങ്ങളേയും ഇന്ത്യയും കുവൈറ്റും അപലപിച്ചു. തീവ്രവാദ പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകുന്ന ശൃംഖലകളും സുരക്ഷിത താവളങ്ങളും തകർക്കാൻ ഇരുരാജ്യങ്ങളും ആഹ്വാനം ചെയ്തു. തീവ്രവാദ വിരുദ്ധ പ്രവർത്തനങ്ങളിൽ സഹകരണം വർധിപ്പിക്കാൻ ഇരു രാജ്യങ്ങളും സമ്മതിച്ചതായി വിദേശ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.**

**✪✪✪**

**പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂഡൽഹിയിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഒരുക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ പങ്കെടുക്കും. ക്രൈസ്തവ സമുദായത്തിലെ കർദിനാൾമാർ, ബിഷപ്പുമാർ, മറ്റ് പ്രമുഖ വ്യക്തികൾ തുടങ്ങിയവരുമായി പ്രധാനമന്ത്രി സംവദിക്കും. CBC**

ആസ്ഥാനത്ത് സംഘടിപ്പിക്കുന്ന ക്രിസ്മസ് ആഘോഷങ്ങളിൽ ആദ്യമായാണ് പ്രധാനമന്ത്രി പങ്കെടുക്കുന്നത്.

✪✪✪

ഇന്ന് ദേശീയ കർഷക ദിനം. രാജ്യത്തിന്റെ വളർച്ചയ്ക്കും വികസനത്തിനും കർഷകരുടെ സംഭാവനയെ ബഹുമാനിക്കുകയാണ് ദിനാചരണത്തിന്റെ ഉദ്ദേശ്യം. ഭക്ഷ്യ സുരക്ഷ, സുസ്ഥിത ഗ്രാമ സാമ്പത്തിക ഭദ്രത, കാർഷിക പാരമ്പര്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത, കാർഷിക പാരമ്പര്യ സംരക്ഷണം എന്നിവയിലേക്ക് സമൂഹത്തിന്റെ ശ്രദ്ധ പതിപ്പിക്കുകയാണ് ദിനാചരണത്തിന്റെ ലക്ഷ്യം.

✪✪✪

കേന്ദ്ര സഹമന്ത്രി ഡോ. ജിതേന്ദ്രസിംഗ് ഇന്ന് ന്യൂഡൽഹിയിൽ സദ്ഭരണ രീതികളെക്കുറിച്ച് സംഘടിപ്പിക്കുന്ന ദേശീയ ശില്പശാല ഉദ്ഘാടനം ചെയ്യും. എല്ലാ മന്ത്രാലയങ്ങളിലേയും വകുപ്പുകളിലേയും ഉദ്യോഗസ്ഥർ ശില്പശാലയിൽ പങ്കെടുക്കും. മന്ത്രാലയങ്ങൾ നടപ്പാക്കിയ സ്വച്ഛത ക്യാമ്പയിൻ 4.0 ലെ മികച്ച പ്രവർത്തനങ്ങളുടെ പ്രദർശനവും അദ്ദേഹം ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ പദ്ധതിയുടെ വിലയിരുത്തൽ റിപ്പോർട്ടും ഡോ. സിംഗ് പ്രകാശനം ചെയ്യും.

സദ്ഭരണ വാരാചരണത്തിന്റെ ഭാഗമായാണ് തുടർച്ചയായ നാലാം വർഷം ഭരണ പരിഷ്കരണ - പൊതു പരാതി പരിഹാര വകുപ്പ് ദേശീയ ശില്പശാല നടത്തുന്നത്. ഡിസംബർ 19 മുതൽ 25 വരെയാണ് വാരാചരണം.

✪✪✪

ഉത്തർപ്രദേശിലെ പിലിഭിത്തിൽ ഏറ്റുമുട്ടലിൽ പൊലീസ് മൂന്ന് ഖലിസ്ഥാൻ ഭീകരവാദികളെ വധിച്ചു. പഞ്ചാബ് പൊലീസും UP പൊലീസും സംയുക്തമായി നടത്തിയ ഓപ്പറേഷനിലാണ് ഭീകരരെ വധിച്ചത്. പഞ്ചാബിൽ പൊലീസ് സ്റ്റേഷൻ ആക്രമിച്ച കേസിൽ ഉൾപ്പെടെ പ്രതികളായവരാണ് ഇവർ. രണ്ട് AK - 47 തോക്കുകളും പിസ്റ്റളുകളും ഇവരിൽ നിന്ന് പൊലീസ് പിടിച്ചെടുത്തു.

✪✪✪

രാജ്യത്തെ വിമാനത്താവളങ്ങളിൽ ഉഡാൻ യാത്രി കഫേകൾ തുടങ്ങാൻ സിവിൽ വ്യോമയാന മന്ത്രാലയം തീരുമാനിച്ചു. യാത്രക്കാർക്ക് ന്യായമായ വിലയിൽ ഭക്ഷണവും വെള്ളവും ഉൾപ്പെടെ സൗകര്യങ്ങൾ ലഭ്യമാക്കാനാണ് കഫേകൾ തുറക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ കൊൽക്കത്തയിൽ ആരംഭിച്ച ആദ്യ ഉഡാൻ യാത്രി കഫേ വിജയമെന്ന് കണ്ടാൽ എല്ലാ വിമാനത്താവളങ്ങളിലേക്കും വ്യാപിപ്പിക്കും. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്കാണ് കഫേകളുടെ നടത്തിപ്പു ചുമതല.

✪✪✪

മുൻ പ്രധാനമന്ത്രി ചൗധരി ചരൺ സിംഗിന്റെ ജന്മദിനത്തിൽ ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ, പ്രധാനമന്ത്രി നരേന്ദ്ര മോദി എന്നിവർ ആദരാഞ്ജലി അർപ്പിച്ചു. ഡൽഹിയിലെ കിസാൻഘട്ടിലെത്തി ഉപരാഷ്ട്രപതി, ചരൺ സിങ്ങിന് പുഷ്പാർച്ചന നടത്തി.

ചൗധരി ചരൺ ജീവിതം മുഴുവൻ കർഷകരുടെയും രാജ്യത്തിന്റെയും വികസനത്തിന് സമർപ്പിച്ചതായി ഉപരാഷ്ട്രപതി അനുസ്മരിച്ചു.

ഗ്രാമ വികസനത്തിന്റെ നട്ടെല്ലാണ് കൃഷിയെന്നും ഗ്രാമീണ ഭൂപ്രകൃതി മാറുന്നത് വരെ രാജ്യത്തിന് വികസിത രാഷ്ട്രമാകാൻ ആഗ്രഹിക്കാനാകില്ലെന്നും ഉപരാഷ്ട്രപതി ഈ വർഷത്തെ ചൗധരി ചരൺസിംഗ് അവാർഡ് ജേതാക്കളുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ചയിൽ പറഞ്ഞു.

രാജ്യത്തോട് ചൗധരി കാണിച്ച അർപ്പണബോധവും സേവനമനോഭാവവും എല്ലാവരെയും പ്രചോദിപ്പിക്കുന്നതാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദിയും സാമൂഹിക മാധ്യമ പോസ്റ്റിൽ അനുസ്മരിച്ചു.

✪✪✪

കോഴിക്കോട്ട് സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന എഴുത്തുകാരൻ M.T വാസുദേവൻ നായരുടെ ആരോഗ്യനില മാറ്റമില്ലാതെ തുടരുന്നതായി മെഡിക്കൽ ബുള്ളറ്റിനിൽ അറിയിച്ചു. തീവ്ര പരിചരണ വിഭാഗത്തിൽ കഴിയുന്ന അദ്ദേഹത്തിന്റെ ശരീരം മരുന്നുകളോട് പ്രതികരിക്കുന്നുണ്ടെന്നും ബുള്ളറ്റിനിൽ പറയുന്നു. ആരോഗ്യ സ്ഥിതി മെഡിക്കൽ സംഘം വിലയിരുത്തുന്നുണ്ട്.

✪✪✪

അയ്യപ്പന് ചാർത്താൻ തങ്കഅങ്കി വഹിക്കുന്ന രഥഘോഷയാത്രക്ക് പത്തനംതിട്ട ടൗണിൽ ഭക്തി നിർഭരമായ സ്വീകരണം നൽകി. ഇന്നലെ രാവിലെ ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെട്ട ഘോഷയാത്ര 26-ന് വൈകിട്ട് ശബരിമലയിൽ എത്തും.

വിശദാംശങ്ങളുമായി ആകാശവാണി പ്രതിനിധി ശ്രീജി S ശ്രീധർ.

....(വോയ്സ്).............

✪✪✪

വനം നിയമഭേദഗതിയിൽ കർഷക വിരുദ്ധമായി ഒന്നുമില്ലെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. ഭേദഗതിയ്ക്കെതിരെ ഉയരുന്ന വിമർശനം കാമ്പില്ലാത്തതാണെന്നും അദ്ദേഹം കോഴിക്കോട്ട് അറിയിച്ചു.

ഭേദഗതി ബിൽ പിൻവലിച്ചാൽ പ്രാബല്യത്തിലുണ്ടാവുക പഴയ നിയമമായിരിക്കും. വിമർശനത്തിൽ കഴമ്പുണ്ടെങ്കിൽ മുൻവിധിയില്ലാതെ ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാണെന്നും അനാവശ്യ വിവാദങ്ങളിൽ നിന്ന് ആരോപണം ഉന്നയിക്കുന്നവർ പിന്തിരിയണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

✪✪✪

കേരള വനനിയമ ഭേദഗതി കരട് വിജ്ഞാപനത്തിൽ അതൃപ്തി അറിയിക്കാൻ കേരള കോൺഗ്രസ് (M) നേതാക്കൾ ഇന്ന് മുഖ്യമന്ത്രി പിണറായി വിജയനെ കാണും. MLA മാരോടൊപ്പം പാർട്ടി ചെയർമാൻ ജോസ്.K മാണി MP വൈകിട്ടാണ് മുഖ്യമന്ത്രിയെ സന്ദർശിക്കുന്നത്.

✪✪✪

കട്ടപ്പനയിൽ ആത്മഹത്യ ചെയ്ത സാബുവിന്റെ കുടുംബത്തിന് വേഗത്തിൽ പണം നൽകാൻ നടപടി സ്വീകരിച്ചതായി മന്ത്രി VN വാസവൻ അറിയിച്ചു. ഇക്കാര്യത്തിൽ ജീവനക്കാർ തെറ്റു ചെയ്തിട്ടുണ്ടെന്ന് അന്വേഷണത്തിൽ തെളിഞ്ഞാൽ പൊലീസ് നടപടി സ്വീകരിക്കുമെന്നും അദ്ദേഹം ഇടുക്കിയിൽ മാധ്യമങ്ങളോട് പറഞ്ഞു. സാബുവിനെ CPIM നേതാവ് ഭീഷണിപ്പെടുത്തിയെന്ന കാര്യവും അന്വേഷണത്തിലുണ്ടാവുമെന്നും, തെറ്റു ചെയ്ത ആരെയും സംരക്ഷിക്കുന്ന നിലപാടല്ല പാർട്ടിയുടേതെന്നും മന്ത്രി വ്യക്തമാക്കി.

✪✪✪

കോഴിക്കോട് എരഞ്ഞിക്കൽ സ്വദേശിയായ സൈനികൻ വിഷ്ണുവിനെ കാണാതായ സംഭവത്തിൽ സമഗ്രമായ അന്വേഷണത്തിന് നിർദ്ദേശം നൽകിയതായി മന്ത്രി AK.ശശീന്ദ്രൻ അറിയിച്ചു.

സിറ്റി പോലീസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇതിന് പ്രത്യേക സ്ക്വാഡ് രൂപീകരിക്കും. സൈബർ വിദഗ്ദ്ധർ കൂടി ഉൾപ്പെടുന്നതായിരിക്കും സ്ക്വാഡ്. സൈന്യത്തിന്റെ സഹായവും ഇക്കാര്യത്തിൽ തേടിയതായി മന്ത്രി അറിയിച്ചു. പുനെയിലെ ആർമി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അവധിയെടുത്ത് നാട്ടിലേക്ക് പുറപ്പെട്ട വിഷ്ണുവിനെ കഴിഞ്ഞ ബുധനാഴ്ചയാണ് കാണാതായത്.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയന്റെ മകളുടെ എക്സാലോജിക് കമ്പനിയുമായി നടന്ന ഇടപാടിലെ SFIO അന്വേഷണത്തിനെതിരെ CMRL സമർപ്പിച്ച ഹർജി ഡൽഹി ഹൈക്കോടതി ഇന്ന് പരിഗണിച്ചേക്കും. എക്സാലോജികിന് പണം

നൽകിയത് രാഷ്ട്രീയ നേതാവിനെ സ്വാധീനിക്കാനാണെന്ന് സംശയമുണ്ടെന്ന് SFIO ആരോപിച്ചിരുന്നു. ഇക്കാര്യങ്ങളിൽ CMRL ന്റെ മറുപടി ഇന്ന് കോടതിയിൽ നൽകിയേക്കും. ഹർജിയിൽ കക്ഷി ചേരുന്നതിന് ഷോൺ ജോർജ് സമർപ്പിച്ച അപേക്ഷയിലും കോടതി വാദം കേൾക്കും.

✪✪✪

ആന്റണി രാജു MLA യ്ക്കെതിരായ തൊണ്ടിമുതൽ കേസ് നെടുമങ്ങാട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഇന്ന് പരിഗണിച്ചേക്കും. 1990 ഏപ്രിൽ നാലിന് തിരുവനന്തപുരം വിമാനത്താവളത്തിൽ ലഹരിമരുന്ന് കേസിൽ പിടിയിലായ ഓസ്ട്രേലിയൻ പൗരനെ രക്ഷിക്കാൻ തൊണ്ടിമുതലിൽ കൃത്രിമം കാണിച്ചെന്നാണ് കേസ്.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് ഹൈദരാബാദ് FC, നോർത്ത് ഈസ്റ്റ് യുണൈറ്റഡിനെ നേരിടും. വൈകീട്ട് 7.30 ന് ഹൈദരാബാദിലാണ് മത്സരം.

✪✪✪

കൺസ്യൂമർ ഫെഡിന്റെ കോഴിക്കോട്ടെ ക്രിസ്മസ് - പുതുവത്സര വിപണികൾ ഇന്ന് പ്രവർത്തനം ആരംഭിക്കും. മുതലക്കുളം ത്രിവേണി അങ്കണത്തിൽ തോട്ടത്തിൽ രവീന്ദ്രൻ MLA, വൈകിട്ട് വിപണി ഉദ്ഘാടനം ചെയ്യും. വിപണിയിലെ കൃത്രിമ വിലക്കയറ്റം പിടിച്ച് നിർത്താനും അവശ്യ സാധനങ്ങൾ വിലക്കുറവിൽ ലഭ്യമാക്കാനും ലക്ഷ്യമിട്ടാണ് കോഴിക്കോട് ജില്ലയിൽ 13 ത്രിവേണി സൂപ്പർ മാർക്കറ്റുകളോട് അനുബന്ധിച്ച് ക്രിസ്തുമസ് - പുതുവത്സര വിപണികൾ ആരംഭിക്കുന്നത്.

✪✪✪